**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1563** **01-02-2024 - ൽ മറുപടിയ്ക്ക്**

**റിവർ മാനേജ്മെന്റ് ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | കോട്ടയം ജില്ലയിൽ റിവർ മാനേജെന്റ്റ് ഫണ്ട് ഉപയോഗിച്ച് പ്രവർത്തികൾ ഒന്നും തന്നെ നടന്നിട്ടില്ല |
| (ബി) | ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തുന്നതിനായി പുതിയ പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | കോട്ടയം ജില്ലയിൽ മൂവാറ്റുപുഴയാറിൽ വെള്ളൂർ പഞ്ചായത്തിൽ വാർഡ് 12-ൽ തട്ടവേലി റോഡിന്റെ വലതുകരയിലെ സംരക്ഷണഭിത്തി നിർമ്മാണം, മീനച്ചിലാറിൽ തിടനാട് പഞ്ചായത്തിൽ മുക്കലടിപാലം-ചട്ടവയലിൽ കൈപ്പള്ളിക്കാവ് റോഡിൽ വലതുകരയിലെ സംരക്ഷണഭിത്തിയുടെ നിർമ്മാണം എന്നീ പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്. |
| (സി) | റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ? | (സി) | ആർ.എം.എഫ് വിനിയോഗിച്ച് നടപ്പിലാക്കേണ്ടതായ പ്രവർത്തികൾ കോട്ടയം ജില്ലാ മേജർ ഇറിഗേഷൻ വകുപ്പോ, ജന പ്രതിനിധികളോ റിവർമാനേജ്മെന്റ് പ്രവർത്തികൾ ശിപാർശ ചെയ്യുന്ന മുറയ്ക്ക് ജില്ലാ വിദഗ്ദ്ധസമിതി പരിശോധന നടത്തുകയും ആയതിൽ അടിയന്തിര പ്രാധാന്യമർഹിക്കുന്നവയിന്മേൽ സംസ്ഥാന ഉന്നതതല സമിതിയുടെ അംഗീകാരത്തോടെ ഭരണാനുമതി നൽകുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ